കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 9 | ലക്കം 16 | നവംബർ 30, 2021

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 വിളയൂർ കേര ഗ്രാമം പദ്ധതി മന്ത്രി ശ്രീ. പി. പ്രസാദ് ഉദ്ഘാടനം ചെയ്തു

4 പച്ചക്കറി വില വർദ്ധനവ് നിയന്ത്രിക്കാൻ കൃഷി വകുപ്പിന്റെ നേരിട്ടുള്ള ഇടപെടൽ

6 കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാലയ്ക്ക് ചാൻസലേഴ്സ് അവാർഡ്

# കേരളത്തിൽ 2022 മാർച്ചോടെ വിവിധ ജലസേചന പദ്ധതികൾ പൂർത്തീകരിക്കും: മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ




കേരളത്തിൽ 2022 മാർച്ചോടെ വിവിധ ജലസേചന പദ്ധതികൾ പൂർത്തീകരിക്കുമെന്ന് മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ. പാലക്കാട് ചിറ്റൂർ കാരടിപ്പാറയിൽ ജലവിഭവ വകുപ്പിന്റെ 2020-21 പദ്ധതി വിഹിതം ഉപയോഗിച്ച് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് കോർപ്പറേഷന്റെ (കെ.ഐ.ഐ.ഡി സി.) മേൽനോട്ടത്തിൽ നിർമ്മാണം പൂർത്തിയാക്കിയ കരടിപ്പാറ സാമൂഹ്യസൂക്ഷ്മ ജലസേചന (കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ) പദ്ധതി ഓൺലൈനായി ഉൽഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. വൈദ്യുതവകുപ്പ് മന്ത്രി ശ്രീ കെ കൃഷ്ണൻകുട്ടി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ ജലവിഭവ വകുപ്പ് മന്ത്രി ശ്രീ റോഷി അഗസ്റ്റിൻ പദ്ധതിയുടെ സ്വിച്ച് ഓൺ കർമ്മം നിർവഹിച്ചു. വടകരപ്പതി പഞ്ചായത്തിന് ഒരു അഗ്രോ സെർവ്വീസ് സെന്റർ അനുവദിക്കുമെന്ന് കൃഷിമന്ത്രി ശ്രീ പി. പ്രസാദ് അറിയിച്ചു. ചടങ്ങിൽ ഫെർട്ടിഗേഷൻ സംവിധാനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി) ജനറൽ മാനേജർ ഡോ. സുധീർ പടിക്കൽ റിപ്പോർട്ട് അവതരിപ്പിച്ചു .

മഴനിഴൽ പ്രദേശമായ എരുത്തേൻപതി, വടകരപ്പതി പഞ്ചായത്തുകളിൽ മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് മഴ കുറവാണ്. കൃഷിക്ക് കൂടുതൽ ഭൂഗർഭജലം ഉപയോഗിക്കുന്നതുകൊണ്ട് ഈ പ്രദേശങ്ങളിൽ ഭൂഗർഭജല ലഭ്യത കുറഞ്ഞു വരുന്നുണ്ട്. ഇതിനൊരു പരിഹാരം എന്ന നിലയിലാണ് സൂക്ഷ്മ ജലസേചന പദ്ധതി നടപ്പിലാക്കുന്നത്. ഇത് കാർഷിക രംഗത്തു നല്ല മാറ്റങ്ങൾ ഉണ്ടാക്കുമെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ വി. മുരുകദാസ്, കൊഴിഞ്ഞാൻപാറ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. എം.സതീഷ്, എരുത്തേൻപതി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. പ്രിയദർശനി, വടകരപ്പതി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ ജോസി ബ്രിട്ടോ, ജില്ലാ-ഗ്രാമ പഞ്ചായത്തു മെമ്പർമാർ, രാഷ്ട്രീയ പ്രതിനിധികൾ, കർഷകർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി) സി.ഇ.ഒ ശ്രീ എസ്. തിലകൻ സ്വാഗതം ആശംസിച്ചു.

ചീഫ് എഡിറ്റർ - ജോർജ് സെബാസ്റ്റ്യൻ
എഡിറ്റർ - ഡോ. ആശ റ്റി.റ്റി.
അസോസിയേറ്റ് എഡിറ്റർ - എം.എസ്. പ്രമോദ് കുമാർ
അസിസ്റ്റന്റ് എഡിറ്റർ - വിഷ്ണു എസ്.പി.

# വിളയൂർ കേര ഗ്രാമം പദ്ധതി മന്ത്രി ശ്രീ. പി. പ്രസാദ് ഉദ്ഘാടനം ചെയ്തു



സംസ്ഥാന സർക്കാരിന്റെ നൂറു ദിന കർമ്മപരിപാടിയുടെ ഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള പാലക്കാട് ജില്ലയിലെ വിളയൂർ ഗ്രാമ പഞ്ചായത്തിലെ കേര ഗ്രാമം പദ്ധതിയുടെ ഉദ്ഘാടനം വിളയൂർ കുരാച്ചിപ്പടി വലിയ പാലം ഓഡിറ്റോറിയത്തിൽ വച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് നിർവ്വഹിച്ചു. പാലക്കാട് ജില്ലയിൽ തന്നെ 6 കേരഗ്രാമം പദ്ധതികൾ നടപ്പാക്കുന്നുണ്ട്. നാളീകേര ഉത്പാദനം വർദ്ധിപ്പിയ്ക്കുകയും സംഭരണം, സംസ്കരണം, വിപണനം തുടങ്ങിയ വയിൽ ആവശ്യമായ ഇടപെടലുകൾ നടത്തി മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണവും ബ്രാൻഡിങ്ങും ആണ് സർക്കാർ ലക്ഷ്യമിടുന്നത്.

നാളികേരാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് ലോക വിപണിയിൽ ആവശ്യകത ഏറെയാണ്. ഉരുക്ക് വെളിച്ചെണ്ണ തുടങ്ങി തേങ്ങയിൽ നിന്നുള്ള പല ഉല്പന്നങ്ങൾ വിളയൂർ ബ്രാൻഡിൽ വിപണനം നടത്തുന്ന തലത്തിലേയ്ക്ക് എത്തണമെന്ന് മന്ത്രി നിർദ്ദേശിച്ചു. കൃഷി ഭവനുകൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, എഫ്.പി.ഒ-കൾ തുടങ്ങി എല്ലാ സംവിധാനങ്ങളെയും ഇതിനായി പ്രയോജനപ്പെടുത്തണമെന്നും കൃഷിക്കാരന് മെച്ചപ്പെട്ട സേവനം ലഭ്യമാക്കി, വരുമാന വർധനവ് ഉണ്ടാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമെന്നും മന്ത്രി അഭിപ്രായപ്പെട്ടു. വിളയൂർ ഗ്രാമ പഞ്ചായത്തിൽ 250 ഹെക്ടർ സ്ഥലത്താണ് പദ്ധതി നടപ്പിലാക്കുന്നത്. ശാസ്ത്രീയ തെങ്ങ് കൃഷി, സംയോജിത കീട നിയന്ത്രണം, സമ്മിശ്രകൃഷി, ഇടവിള കൃഷി, മികച്ച തെങ്ങിൻതൈ വിതരണം, മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കുള്ള സംരംഭങ്ങൾ, തെങ്ങുകയറ്റ യന്ത്രം, ഡ്രിപ്പ്, സ്പ്രിംഗ്ളർ ജലസേചനം എന്നിവയ്ക്കുള്ള ധനസഹായം പദ്ധതി പ്രകാരം ലഭ്യമാണ്. ആദ്യഘട്ടത്തിൽ അമ്പത് ലക്ഷത്തി പതിനേഴായിരം രൂപയും രണ്ടാം ഘട്ടത്തിൽ 20 ലക്ഷം രൂപയും മൂന്നാം ഘട്ടത്തിൽ അഞ്ച് ലക്ഷം രൂപയും കേരഗ്രാമം പദ്ധതിക്കായി സർക്കാർ നൽകുന്നുണ്ട്. ഇതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായവും സംയോജിപ്പിയ്ക്കാവുന്നതാണ്. .

പട്ടാമ്പി എം.എൽ.എ ശ്രീ. മുഹമ്മദ് മുഹ്സിൻ യോഗത്തിന് അധ്യക്ഷം വഹിച്ചു. പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. ആർ . ഷീല പദ്ധതി വിശദീകരണം നടത്തി. പാലക്കാട് എം. പി ശ്രീ. വി. കെ. ശ്രീകണ്ഠൻ, കൃഷി വകുപ്പ് ഡയറക്ടർ ശ്രീ. ടി. വി. സുഭാഷ്, പാലക്കാട് ജില്ലാ കളക്ടർ ശ്രീമതി. മൃൺമയി ജോഷി, പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. സജിത വിനോദ്, ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി. സാബിറ ടീച്ചർ, രാഷ്ട്രീയ പ്രതിനിധികൾ തുടങ്ങി നിരവധി പേർ യോഗത്തിൽ പങ്കെടുത്തു. കാർഷിക സർവകലാശാല മുൻ പ്രൊഫസർ ശ്രീ. പി.എസ്. ജോണിന്റെ നേതൃത്വത്തിൽ ശാസ്ത്രീയ തെങ്ങ് കൃഷി പരിപാലനം എന്ന വിഷയത്തിൽ സെമിനാറും നടന്നു. വിളയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. കെ. ബേബി ഗിരിജ സ്വാഗതവും വിളയൂർ കൃഷി ഓഫീസർ ശ്രീ. ആഷ്ജാൻ നന്ദിയും അറിയിച്ചു.

# തൃക്കാർത്തിക – കിഴങ്ങുവിളകളുടെ ദിനം

ഉഷ്ണമേഖലാ രാജ്യങ്ങളിലെ ദശലക്ഷക്കണക്കിന് ആളുകൾക്ക് പ്രധാനവും അനുബന്ധവുമായ ഭക്ഷണമായ കിഴങ്ങു വിളകൾ ഭക്ഷ്യ സുരക്ഷയിലും പോഷകാഹാര സുരക്ഷയിലും ഒരു പ്രധാന പങ്കു വഹിക്കുന്നു. കേരളത്തിലെ ജനങ്ങളുടെ ഭക്ഷണത്തിലെ പ്രധാന ഘടകങ്ങളാണ് അവ. ഏറ്റവും പ്രധാനപ്പെട്ട ഉഷ്ണമേഖലാ കിഴങ്ങു വിളയായ മരച്ചീനി, കടുത്ത പട്ടിണിയുടെ നാളുകളിൽ കേരളത്തിലെ ജനങ്ങളെ പട്ടിണിയിൽ നിന്ന് രക്ഷിച്ചതിന്റെ മഹത്തായ ചരിത്രമുള്ളതിനാൽ അതിന്റെ പ്രാധാന്യം മനസിലാക്കി കേരള സർക്കാർ വൃശ്ചികമാസത്തിലെ തൃക്കാർത്തിക ദിനം കിഴങ്ങു വിളകളുടെ ദിനമായി പ്രഖ്യാപിച്ചു. ഐ സി എ ആർ - സി റ്റി സി ആർ ഐയും ഐ എസ് ആർ സിയും സംയുക്തമായി, പരമ്പരാഗത ആവേശത്തോടെയും ഉത്സാഹത്തോടെയും ഈ ദിനം ആഘോഷിച്ചു. തൃക്കാർത്തികയ്ക്ക് (നവംബർ 19 ന്) മുന്നോടിയായി കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം നവംബർ 17 നാണ് കിഴങ്ങുവിള ദിനമായി ആഘോഷിച്ചത്.

# കൃഷിവകുപ്പ് ഉദ്യോഗസ്ഥർ കൃഷിയിടങ്ങളിലേക്ക് ഇറങ്ങണം - മന്ത്രി പി. പ്രസാദ്




കൃഷിഭവനകൾ കൂടുതൽ കർഷക സൗഹൃദമാകണമെന്ന് പാലക്കാട് ജില്ലാ പഞ്ചായത്ത് ഹാളിൽ കൃഷിവകുപ്പ് ഉദ്യോഗസ്ഥരുമായുള്ള അവലോകന യോഗത്തിൽ കൃഷി വകുപ്പ് മന്ത്രി ശ്രീ. പി പ്രസാദ്. ഓഫീസിനും ഫയലിനും അപ്പുറം കൃഷിയുദ്യോഗസ്ഥർ കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു പ്രകൃതി ക്ഷോഭങ്ങളിൽ കർഷകരോടൊപ്പം നിന്ന് അവരെ സഹായിക്കാനുള്ള സന്നദ്ധത കൃഷി ഉദ്യോഗസ്ഥർക്ക് ഉണ്ടായിരിക്കണെതാണെന്നും അദ്ദേഹം നിർദ്ദേശിച്ചു. കർഷകന്റെ എല്ലാ വിഷമതകളും അനുഭാവ പൂർവ്വം കാണണം. കൃഷി സംബന്ധമായ എല്ലാ പരിപാടികളിലും മുതിർന്ന കർഷകനെ പ്രധാന സ്റ്റേജിൽ ആദരിക്കേണ്ടതാണെന്നും അദ്ദേഹം നിർദ്ദേശിച്ചു.. ഓഡിറ്റ് തടസ്സങ്ങൾ കാണിച്ച് ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്താനോ കർഷകരെ ബുദ്ധിമുട്ടിക്കാനോ അനുവദിക്കില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി കൃഷിക്ക് കൂടുതൽ തുക വകയിരുത്തുന്നതിന് വേണ്ടി കൃഷി ഓഫീസർമാർ മുൻകൈ എടുക്കണം. ഫാമുകൾ ഫാം ടൂറിസത്തിന് വേണ്ടി നൽകുവാനുള്ള ശുപാർശ അംഗീകരിക്കില്ല. പകരം, ഫാമുകൾ വികസിപ്പിക്കാനുള്ള പ്രൊജക്ടുകൾ ഉണ്ടാക്കണം. എം.എൽ.എ-മാരുടെ യോഗം ചേർന്ന് പദ്ധതി രൂപീകരിക്കുന്നതിനുള്ള ആശയങ്ങൾ സ്വരൂപിക്കേണ്ടതാണ്. കേര ഗ്രാമം പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളിൽ പഞ്ചായത്തിന്റെ പേരിൽ നാളികേര ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണനം നടത്തുന്നതിനുള്ള പ്രോജക്റ്റ് കൃഷിവകുപ്പ് ഉദ്യോഗസ്ഥർ തയ്യാറാക്കണം. പാലക്കാട് ജില്ലയിലെ എല്ലാ കൃഷി ഓഫീസുകളുടെയും ഫാമുകളുടെയും കൃഷി അനുബന്ധ സ്ഥാപനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും വിശദ വിവരവും ജില്ലയിൽ നടപ്പിലാക്കുന്ന വിവധ പദ്ധതികളുടെ സംക്ഷിപ്ത രൂപവും ജില്ലാ കൃഷി ഓഫീസർ അവലോകന യോഗത്തിൽ അവതരിപ്പിച്ചു. അവലോകന യോഗത്തിൽ കൃഷി വകുപ്പ് ഡയറക്ടറും കൃഷിവകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരും പങ്കെടുത്തു.

# സംസ്ഥാനത്ത് രാസവള പ്രതിസന്ധി ഉടൻ പരിഹരിക്കണം : കൃഷിമന്ത്രി പി. പ്രസാദ്

രണ്ടാം വിള കൃഷി സമയത്ത് ആവശ്യത്തിനുള്ള രാസവളങ്ങൾ ലഭ്യമാകാത്തത് സംസ്ഥാനത്ത് അതിരൂക്ഷമായ കാർഷിക പ്രതിസന്ധിയും കർഷകർക്ക് ആശങ്കയും സൃഷ്ടിച്ചിരിക്കുകയാണെന്നും ഉടൻ പരിഹാര നടപടികൾ സ്വീകരിക്കണമെന്നും കൃഷിമന്ത്രി ശ്രീ പി പ്രസാദ് കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമവും, രാസവസ്തു-രാസവളവും വകുപ്പ് മന്ത്രി ഡോ. മൻസുഖ് മാണ്ഡ്യയോട് ആവശ്യപ്പെട്ടു. രാസവളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വിവിധ സംസ്ഥാനങ്ങളിലെ കൃഷി വകുപ്പ് മന്ത്രിമാരുടെ യോഗത്തിലാണ് ശ്രീ പി. പ്രസാദ് സംസ്ഥാനത്തിന്റെ സ്ഥിതി വ്യക്തമാക്കിയത്. കർഷക വരുമാനം 50 ശതമാനമെങ്കിലും വർദ്ധിപ്പിച്ച് കർഷകരെ സമൂഹത്തിന്റെ മുൻനിരയിൽ എത്തിക്കുക എന്നതാണ് സർക്കാർ നയം. സംയോജിത വളപ്രയോഗ രീതിയിൽ രാസവളങ്ങളുടെ ഉപയോഗവും വളരെ പ്രാധാന്യമർഹിക്കുന്നതാണ്. അതുകൊണ്ടുതന്നെ രാസവളത്തിന്റെ സമയബന്ധിതമായ ലഭ്യത ഉറപ്പുവരുത്തേണ്ടതും സർക്കാരിന്റെ ഉത്തരവാദിത്വമാണ്. കേരളത്തിൽ എല്ലാ സീസണിലും കൃഷി നടത്താറുണ്ടെങ്കിലും പല സീസണുകളിലും രാസവളത്തിന്റെ ആവശ്യകത പല രീതിയിലാണ്. രണ്ടാംവിള (റാബി) തുടങ്ങിയിട്ട് ഇതുവരെ രാസവളങ്ങൾ ലഭ്യമാകാത്തതിൽ കർഷകർ ഏറെ ആശങ്കയിലാണ്.

# പച്ചക്കറി വില വർദ്ധനവ് നിയന്ത്രിക്കാൻ കൃഷി വകുപ്പിന്റെ നേരിട്ടുള്ള ഇടപെടൽ

തമിഴ്നാട്, കർണാടക എന്നിവിടങ്ങളിലെ സർക്കാരുമായി സഹകരിച്ച് കർഷകരിൽ നിന്ന് നേരിട്ട് പച്ചക്കറികൾ കേരള വിപണിയിലിറക്കാനുള്ള നടപടികൾ ഹോർട്ടികോർപ്പ് ആരംഭിച്ചു. കൃഷി മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുകൂട്ടിയ ഉന്നതതല യോഗത്തിലാണ് തീരുമാനമായത്. വിപണിയിൽ പച്ചക്കറി വില കുത്തനെ ഉയരുന്ന സാഹചര്യത്തിലാണ് തീരുമാനം. കാർഷിക വിപണന മേഖലയിൽ ഇടപെടൽ നടത്തുന്ന ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ തുടങ്ങിയ സ്ഥാപനങ്ങളുടെ നിലവിലുള്ള വിപണന സംവിധാനം അഴിച്ചുപണിയുമെന്നും കാലോചിതമായ ഇടപെടൽ വിപണയിൽ വരുത്തുന്ന തരത്തിലുള്ള സംവിധാനം രൂപകല്പന ചെയ്യുമെന്നും മന്ത്രി പറഞ്ഞു. നാടൻ പച്ചക്കറിയെ ആശ്രയിച്ച് വിപണിയെ പിടിച്ചുനിർത്താനായി പ്രാദേശിക പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ട്. അധികമായി ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിക്കുന്നതിന് മൊബൈൽ അപ്ലിക്കേഷൻ വികസിപ്പിക്കുമെന്നും അതിലൂടെ സംഭരിക്കുന്ന പച്ചക്കറികൾ ഏകോപിപ്പിച്ച് പൊതു വിപണിയിൽ എത്തിക്കാൻ ഹോർട്ടികോർപ്പിനെ ചുമതലപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു. കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും പെട്ട് പച്ചക്കറി കൃഷി നശിച്ചു പോയവർക്ക് അടിയന്തിരമായി പച്ചക്കറി തൈകൾ ലഭ്യമാക്കാനുള്ള നടപടികളും തുടങ്ങി.

# ജന്തുക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകും

## മന്ത്രി ശ്രീമതി ജെ ചിഞ്ചുറാണി

ജന്തുക്ഷേമ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുമെന്ന് 18.11.2021 ന് സെക്രട്ടറിയേറ്റ് അനെക്സ് ഹാളിൽ നടന്ന സ്റ്റേറ്റ് അനിമൽ വെൽഫെയർ ബോർഡിന്റെ യോഗത്തിലെ തീരുമാനങ്ങൾ വിശദീകരിക്കവെ, മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി അറിയിച്ചു. ജില്ലകളിൽ പ്രവർത്തിക്കുന്ന എസ് പി സി എ (Society for Prevention of Cruelty to Animals) മാനേജ്മെന്റ് കമ്മറ്റിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനോടൊപ്പം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ജില്ലാ കളക്ടറെയും ഉൾപ്പെടുത്തി മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കാൻ സർക്കാരിലേക്ക് ശുപാർശ നൽകുമെന്നും വാർത്താ സമ്മേളനത്തിൽ മന്ത്രി അറിയിച്ചു.



എല്ലാ ജില്ലകളിലും എസ് പി സി എ യുടെ പ്രവർത്തനം ശക്തിപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു. തെരുവുനായ നിയന്ത്രണത്തിൽ കുടുംബശ്രീയുമായി ബന്ധപ്പെട്ട കേസിൽ കോടതിയുടെ അന്തിമ വിധി പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്. അനുമതിയും അംഗീകാരവും ലഭിച്ച അനിമൽ വെൽഫെയർ ഓർഗനൈസേഷനുകളിൽ നിന്ന് താത്പര്യപത്രം ക്ഷണിച്ച് തെരുവുനായ്ക്കളിൽ വന്ധീകരണ പദ്ധതി നടപ്പിലാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകും. കേരള ഹൈക്കോടതി വിധി പ്രകാരം തെരുവുനായ്ക്കളെ സംരക്ഷിക്കുന്നതിനായി ആനിമൽ ഷെൽട്ടർ, അനിമൽ അഡോപ്ഷൻ, ഫീഡിങ് പോയിന്റ് എന്നിവ നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നതിന് യോഗം തീരുമാനിച്ചു. അനധികൃത അറവ് തടയുന്നതിനും ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പിന് നൽകുന്നതായിരിക്കും.

ഫ്ളാറ്റുകളിലും അപ്പാർട്ട്മെന്റുകളിലും ഓമന മൃഗങ്ങളെ വളർത്തുന്നത് സംബന്ധിച്ച് കേരള ഹൈക്കോടതി വിധി പ്രകാരം അനുവാദം നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. കേന്ദ്ര നിയമങ്ങളായ പെറ്റ് ഷോപ്പ് റൂൾ, ഡോഗ് ബ്രീഡിങ് റൂൾ എന്നിവ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പെറ്റ് ഷോപ്പ്/ ഡോഗ് ബ്രീഡിങ് സംരംഭകർക്ക് ജില്ലാതലത്തിൽ ആവശ്യമായ ബോധവൽക്കരണം നൽകുമെന്നും മന്ത്രി അറിയിച്ചു. 'പെറ്റ്ഷോപ്പ് നിയമങ്ങൾ' അടങ്ങിയ കൈപ്പുസ്തകം മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. എ. കൗശിഗൻ ഐ.എ.എസിനു നൽകി പ്രകാശനം ചെയ്തു.

# അട്ടശല്യം പദ്ധതി - എം.എൽ.എ. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ഉൽഘാടനം ചെയ്തു

വേളം പഞ്ചായത്ത് പാവുള്ളാട്ട് പാടശേഖരത്തിൽ വച്ച് നടന്ന "വിള ആരോഗ്യ പരിപാലന പദ്ധതി 2021-22 രോഗ കീടങ്ങളെ നേരിടാനുള്ള പരിപാടിയുടെ ഭാഗമായി അട്ടശല്യം പദ്ധതി കുറ്റിയാടി എം എൽ എ ശ്രീ കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ഉൽഘാടനം ചെയ്തു. ഇതോടനുബന്ധിച്ച് കുമ്മായവും തുരിശും വിതരണം നടത്തി. വേളം പഞ്ചായത്തിൽ പുഞ്ചകൃഷി സംരക്ഷിക്കുകയും നെൽവയലുകൾ തരിശിടാതിരിക്കുക അട്ടയുടെ ആക്രമണത്തിൽ നിന്നും കർഷകരേയും കർഷക തൊഴിലാളികളേയും വളർത്തുമൃഗങ്ങളേയും സംരക്ഷിക്കുക എന്നിവ ഈ പദ്ധതി ലക്ഷ്യം ഇടുന്നു. അട്ടശല്യം കുറക്കാനുള്ള മുൻ നടപടികൾ എന്ന നിലയിൽ ഭൂമി തരിശിടാതിരിക്കാനും നിലം ഒരുക്കുമ്പോഴും നിലം ഒരുക്കി ഒരു മാസത്തിനു ശേഷവും കുമ്മായം വിതറാനും പറിച്ചു നടീൽ, കളപറി എന്നിവയ്ക്ക് മുൻപ് ഏക്കറിന്



നാല് കിലോ എന്ന കണക്കിൽ നന്നായി പൊടിച്ച തുരിശ് പൊടി മണ്ണുമായി കലർത്തി വിതറാനും പദ്ധതി നിർദ്ദേശിക്കുന്നു. കുമ്മായം വിതറുന്നതും താറാവുകളെ കൃഷിയിടത്തിൽ ഇറക്കുന്നതും അട്ടശല്യം ഗണ്യമായി കുറയ്ക്കും. ചടങ്ങിൽ വേളം കൃഷി ഓഫീസർ ശ്രീ രാജിൽ സ്വാഗതം പറഞ്ഞു. വേളം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ നയിമ കുളമുള്ളതിൽ അദ്ധ്യക്ഷം വഹിച്ചു. കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീ. ശശി പൊന്നാന പദ്ധതി വിശദീകരണം നടത്തി. കൃഷി അസിസ്റ്റന്റ് ശ്രീ ശരത് നന്ദി പറഞ്ഞു.

# മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ വിപണനത്തിനായി എന്റർപ്രണർ സപ്പോർട്ട് സെന്റർ

മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ എന്റർപ്രണവർ സപ്പോർട്ട് സെന്റർ പ്രവർത്തനം ആരംഭിച്ചു. പ്രധാനമായും ചെറുകിട സംരഭകർക്കും, യുവ സംരംഭകർക്കും പ്രോത്സാഹനം നൽകി ഉല്പന്നങ്ങൾക്ക് വിപണി ഉറപ്പിക്കുക എന്നതാണ് ഈ സംരംഭത്തിന്റെ ഉദ്ദേശം. യുവജനങ്ങളെ കാർഷിക മേഖലയിലേക്ക് ആകർഷിച്ച് അവരെ സംരംഭകരാക്കുന്നത് ലക്ഷ്യമാക്കി ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസേർച്ചിന്റെ സാമ്പത്തിക സഹായത്തോടെ പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം നടപ്പിലാക്കുന്ന ആദ്യ പദ്ധതിയുടെ ഭാഗമായിട്ടാണ് എന്റർപ്രണവർ സപ്പോർട്ട് സെന്റർ ആരംഭിച്ചത്. സംരംഭകർക്ക് തങ്ങളുടെ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഈ കേന്ദ്രത്തിലൂടെ വിപണനം ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യുന്നവർക്ക് തിരിച്ചറിയൽ കാർഡും ലഭ്യമാക്കിയിട്ടുണ്ട്. ഉല്പന്നങ്ങളുടെ വില നിർണ്ണയിക്കുന്നതിന് സംരംഭകർക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്. സംരംഭകർക്ക് ഉല്പന്നങ്ങളുടെ നിർമ്മാണം,




പാക്കേജിംഗ്, ലേബലിംഗ്, ബ്രാഡിംഗ്, രജിസ്ട്രേഷൻ തുടങ്ങിയ മേഖലകളിൽ പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നതാണ്.

# കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാലയ്ക്ക് ചാൻസലേഴ്സ് അവാർഡ്



സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവെച്ചതിനുള്ള 2019 വർഷത്തെ ചാൻസലേഴ്സ് അവാർഡ് കേരള വെറ്ററിനറി സർവ്വകലാശാലയ്ക്ക് ലഭിച്ചു. സംസ്ഥാനത്തെ സർവ്വകലാശാലകൾക്കിടയിൽ പത്തു വർഷത്തിനുള്ളിൽ രൂപീകൃതമായ സർവ്വകലാശാലകളുടെ വിഭാഗത്തിലാണ് വയനാട്ടിലെ പൂക്കോട് ആസ്ഥാനമായുള്ള സർവ്വകലാശാലയ്ക്ക് തുടർച്ചയായ മൂന്നാം വർഷവും അവാർഡ് ലഭിച്ചത്. 2021 നവംബർ 16-ാം തീയതി കേരള രാജ്ഭവനിൽ നടന്ന ചടങ്ങിൽ സംസ്ഥാനത്തെ സർവ്വ കലാശാലകളുടെ ചാൻസലർ കൂടിയായ ഗവർണ്ണർ ശ്രീ ആരിഫ് മുഹമ്മദ് ഖാനിൽ നിന്ന് കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാല വൈസ് ചാൻസലർ ഡോ. (പ്രൊ) എം. ആർ. ശശീന്ദ്രനാഥ് ബഹുമതി ഏറ്റുവാങ്ങി. മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു, ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ. രാജൻ ഗുരുക്കൾ, ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. വി. വേണു, തുടങ്ങിയവർ അവാർഡ്ദാന ചടങ്ങിൽ പങ്കെടുത്തു.

# കാർഷിക ഗവേഷകർ കർഷകനെയും കൃഷിഭൂമിയെയും പാഠപുസ്തകമാക്കണം : കൃഷി മന്ത്രി ശ്രീ. പി. പ്രസാദ്




കാർഷിക മേഖലയിലെ ഗവേഷകരും വിദ്യാർത്ഥികളും അതുപോലെ ഉദ്യോഗസ്ഥരും കർഷകനെയും കൃഷി ഭൂമിയേയും പാഠപുസ്തകമാക്കണമെന്ന് കൃഷിമന്ത്രി ശ്രീ. പി.പ്രസാദ് അഭിപ്രായപ്പെട്ടു. വെള്ളായണി കാർഷിക കോളേജിൽ വച്ചുനടന്ന ഡോ.എൻ.പി.കുമാരി സുഷമ അനുസ്മരണ പുരസ്കാര ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കോവളം എംഎൽ എ എം.വിൻസെന്റിന്റെ അധ്യക്ഷതയിലായിരുന്നു ചടങ്ങ് സംഘടിപ്പിക്കപ്പെട്ടത്. കാർഷിക കോളേജ് വിജ്ഞാന വ്യാപന വിഭാഗം അധ്യാപികയായിരുന്ന ഡോ.കുമാരി സുഷമയുടെ സ്മരണാർത്ഥമാണ് എല്ലാ വർഷവും മികച്ച വിദ്യാർത്ഥികൾക്കുള്ള അവാർഡ് ദാന ചടങ്ങ് വെള്ളായണി കാർഷിക കോളേജ് നടത്തി

വരുന്നത്. ജീവൻ നിലനിർത്താനുള്ള ആനുകൂല്യം ലഭ്യമാക്കുന്ന പ്രവർത്തി എന്നതിലുപരി കർഷകന് അന്തസായ ജീവിതം നയിക്കുവാൻ ഉള്ളതാകണം കൃഷി എന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

കാർഷിക കോളേജിലെ ഓൺലൈൻ ട്രെയിനിങ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ട്രെയിനിങ് സർവീസ് പദ്ധതിയുടെയും ട്രൈബൽ വികസന പദ്ധതിയുടെയും ഉദ്ഘാടനം തദവസരത്തിൽ മന്ത്രി നിർവഹിച്ചു. 'കാർഷിക വിജ്ഞാനം കൈക്കുമ്പിളിലൂടെ' എന്ന പുസ്തകത്തിന്റെ ഡിജിറ്റൽ കോപ്പി മികച്ച കർഷകനായ വാസുവിന് നൽകി കൃഷി മന്ത്രി പ്രകാശനം ചെയ്തു.

ഡോ വർഗ്ഗീസ് കുര്യന്റെ ജന്മദിനമായ ദേശീയ ക്ഷീര ദിനത്തിൽ (26.11.2021) തിരുവനന്തപുരം മേഖല യൂണിയന്റെ പരിധിയിലുള്ള ശിശുസംരക്ഷണ സ്ഥാപനങ്ങളിലെ താമസക്കാരായ കുട്ടികൾക്ക് മിൽമ ഉത്പന്നങ്ങൾ വിതരണം ചെയ്യുന്നതിന്റെ ഉത്ഘാടനം മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചു റാണി പൂജപ്പുര ഗവൺമെന്റ് ചിൽഡ്രൻസ് ഹോമിൽ നിർവഹിച്ചു.




ഉരുൾപൊട്ടലിലും മഴക്കെടുതിയിലും കോട്ടയം ജില്ലയിലെ കൂട്ടിക്കൽ പഞ്ചായത്തിൽ മൃഗങ്ങളെ നഷ്ടപ്പെട്ട മൃഗപരിപാലന കർഷകർക്കുള്ള ധനസഹായവിതരണത്തിന്റെയും വിവിധ പദ്ധതികളുടെയും ഉദ്ഘാടനം മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചു റാണി നിർവഹിച്ചു.




കോട്ടയം ജില്ലയിലെ വൈക്കം, ചെമ്പ് ഗ്രാമപഞ്ചായത്തിലെ പോത്ത് കിടാവ് വിതരണവും ക്ഷീര കർഷകരെ ആദരിക്കൽ ചടങ്ങും മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചു റാണി നിർവ്വഹിച്ചു. ജനകീയസൂത്രണ പദ്ധതിയുടെ ഈ വർഷത്തെ പദ്ധതിയിൽ മൃഗസംരക്ഷണ മേഖലയിൽ ഉൾപ്പെടുത്തി 120 പോത്ത് കിടാവുകളെയും 12 പശുക്കളെയും ആണ് വിതരണം ചെയ്തത്.

പത്തനംതിട്ട ജില്ലയിലെ റാന്നി കോട്ടാങ്ങൽ പഞ്ചായത്തിൽ മൃഗസംരക്ഷണ മേഖലയിലെ കർഷകർക്കുള്ള പ്രളയ ദുരിതാശ്വാസ ധനസഹായത്തിന്റെ ജില്ലാതല വിതരണോദ്ഘാടനം മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചു റാണി നടത്തി



കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കുന്ന കെപ്കോ ആശ്രയ പദ്ധതിയുടെ പഞ്ചായത്ത് തല ഉദ്ഘാടനം നവമ്പർ 18 ന് കടയ്ക്കൽ ഗ്രാമപഞ്ചായത്തിൽ വച്ച് മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചു റാണി നിർവ്വഹിച്ചു.




ഒക്കൽ സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിൽ ഫാം ജലസേചന പദ്ധതിയും ഗ്ലാസ് ഹൗസും പ്രവേശന കവാടവും കാർഷിക വികസന കർഷക ക്ഷേമ വകുപ് മന്ത്രി ശ്രീ പി. പ്രസാദ് നവംബർ 22ന് ഉദ്ഘാടനം ചെയ്തു. ശ്രീ. ബെന്നി ബഹനാൻ എം.പി. ശ്രീ. എൽദോസ് കുന്നപ്പള്ളി, എം.എൽ. എ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. കൃഷി മന്ത്രി ശ്രീ പി.പ്രസാദ് ശ്രീ അൻവർ സാദത്ത് എം.എൽ.എയോടൊപ്പം ആലുവ തുരുത്ത് ഫാം സന്ദർശിച്ചു.

# കാർഷിക വികസന വകുപ്പിന്റെ സ്റ്റാളിന് അവാർഡ്

ന്യൂഡൽഹി പ്രഗതി മൈതാനിയിൽ നവംബർ 14 -27 വരെ നടന്ന ഇൻഡ്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ (IITF-202) കേരള പവിലിയനിലെ മികച്ച 'തീം എക്സിബിറ്റർ' നുള്ള ഒന്നാം സ്ഥാനം കാർഷിക വികസന കർഷകക്ഷേമ വകുപ്പിനു വേണ്ടി ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ സ്റ്റാളിന് ലഭിച്ചു. 'ആത്മ നിർഭത് ഭാരത്' (സ്വയം പര്യാപ്ത ഭാരതം) എന്നതായിരുന്നു ഈ വർഷത്തെ വിഷയം. ട്രോഫിയും പ്രശംസാ പത്രവുമാണ് അവാർഡായി ലഭിച്ചത്. സ്റ്റാളിൽ സജ്ജീകരിച്ച കേരളത്തിന്റെ വിളപ്പൊലിമ, വീട്ടുവളപ്പിലെ സംയോജിത കൃഷി രീതികൾ, കുട്ടനാടിന്റെ കായലും വള്ളവും തുടങ്ങിയവയുടെ മാതൃകകൾ മേള കാണാനെത്തിയവരെ ആകർഷിച്ചു.




# മൃഗസംരക്ഷണ മേഖലയിലെ പുതുസംരംഭകർക്ക് സഹായം ഉറപ്പാക്കും: മന്ത്രി ജെ. ചിഞ്ചു റാണി

മൃഗസംരക്ഷണമേഖലയിലെ പുതുസംരംഭകർക്ക് ആവശ്യമായ സഹായങ്ങൾ വകുപ്പ് മുഖേന ഉറപ്പാക്കുമെന്ന് മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചു റാണി. കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ നേതൃത്വത്തിൽ ചാണപ്പാറ സന്മർഗദായിനി ഗ്രന്ഥശാലയിൽ സംഘടിപ്പിച്ച കുടുംബശ്രീ യൂണിറ്റുകൾ മുഖേനയുള്ള തീറ്റപ്പുൽ കൃഷി പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഒരേക്കർ വീതമുള്ള 500 യൂണിറ്റ് പുൽകൃഷിത്തോട്ടം ഏഴ് ജില്ലകളിൽ സ്ഥാപിക്കും. ഒരു യൂണിറ്റ് പുൽകൃഷിത്തോട്ടം സ്ഥാപിക്കുന്നതിന് കർഷകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 16,000 രൂപ വരെ ധനസഹായം നൽകും. തിരഞ്ഞെടുത്ത കുടുംബശ്രീ പ്രവർത്തകർക്ക് ശാസ്ത്രീയമായ രീതിയിൽ കൃഷി നടത്തുന്നതിനും പരിപാലിക്കുന്നതിനും ഉള്ള പരിശീലനവും നൽകും. തീറ്റപ്പുൽ ഇനങ്ങളുടെ നടീൽവസ്തുക്കൾ കെ.എൽ.ഡി ബോർഡ് ആവശ്യാനുസരണം സൗജന്യമായി ലഭ്യമാക്കും.




നടീൽവസ്തുക്കളുടെ വിതരണോദ്ഘാടനം ഇട്ടിവ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സി. അമൃത നിർവഹിച്ചു. ചടങ്ങിൽ ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലതിക വിദ്യാധരൻ അധ്യക്ഷയായി. ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. സുജ ടി.നായർ, ഡെപ്യൂട്ടി ഡയറക്ടർ ഡോ ബി. എസ് നിഷ, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ ശ്രീ വി. ആർ അജു, കെ.എൽ.ഡി.ബി മാനേജിങ് ഡയറക്ടർ ഡോ. ജോസ് ജെയിംസ്, കൊട്ടാരക്കര താലൂക്ക് ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ശ്രീ ജെ.സി അനിൽ തുടങ്ങിയവർ പങ്കെടുത്തു.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by George Sebastian, Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh